# തദ്ദേശസ്ഥാപനങ്ങൾക്ക് 1195.8 കോടി ലോകബാങ്ക് വായ്പ

തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ലോകബാങ്ക് കേരളത്തിന് 1195.8 കോടി രൂപ വായ്പ അനുവദിച്ചു.

വായ്പ സ്വീകരിക്കുന്നതിന് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ സാന്നിധ്യത്തിൽ കേന്ദ്രസർക്കാരിനെ പ്രതിനിധീകരിച്ച് സാമ്പത്തികകാര്യമന്ത്രാലയം ജോ. സെക്രട്ടറി വേണു രാജാമണി, കേരള സർക്കാരിനുവേണ്ടി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗീസ്, ലോകബാങ്കിനുവേണ്ടി പ്രോഗ്രാം മാനേജർ റോളജ് ലോമെ എന്നിവർ ഇതു സംബന്ധിച്ച കരാർ ഒപ്പുവച്ചു.

മുഖ്യമന്ത്രിയുടെ ഓഫിസിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ പി.കെ കുഞ്ഞാലിക്കുട്ടി, എം.കെ മുനീർ, കെ.സി ജോസഫ് തുടങ്ങിയവരും സന്നിഹിതരായിരുന്നു. ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിനും അടിസ്ഥാനപരമായ ഭരണനിർവഹണം സുസ്ഥിരമായും നടപ്പാക്കുന്നതിനുമാണ് കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡലിവറി പ്രോജക്ട് (കെ.എൽ.ജി എസ്.ഡി.പി) നടപ്പാക്കുന്നതെന്ന് പഞ്ചായത്ത് മന്ത്രി എം.കെ മുനീർ പത്രസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളും 60 മുനിസിപ്പാലിറ്റികളും പദ്ധതി ഗുണഭോക്താക്കളായിരിക്കും.

# ഇ.ടിയും മജീദും ലീഗ് ജനറൽ സെക്രട്ടറിമാർ

തിരുവനന്തപുരം: മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി പദത്തിലേക്ക് ഇ.ടി മുഹമ്മദ് ബഷീർ എം.പിയെയും മുൻ എം.എൽ.എ കെ.പി.എ മജീദിനെയും തിരഞ്ഞെടുത്തു.

നിയമസഭാ കക്ഷി നേതാവും മന്ത്രിയുമായതിനെത്തുടർന്ന് ജനറൽ സെക്രട്ടറിപദം ഒഴിഞ്ഞ പി.കെ കുഞ്ഞാലിക്കുട്ടിക്കുപകരമാണ് മുസ്ലീം ലീഗ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. തിരുവനന്തപുരത്ത് ചേർന്ന പ്രവർത്തകസമിതി യോഗമാണ് ഇവരെ തിരഞ്ഞെടുത്തത്.

ബഷീർ പൊതുകാര്യങ്ങളുടെയും മജീദ് സംഘടനാ കാര്യങ്ങളുടെയും ചുമതലയാവും എടുക്കുക.



റഹ്മാൻ



വിനീത് ശ്രീനിവാസൻ



ജ്യോതിർമയി

# റഹ്മാൻ നയിക്കുന്ന മാവേലി എഫ്.എം. ഓണത്തിന് അമേരിക്കയിൽ

ന്യൂയോർക്ക്: നടൻ റഹ്മാൻ നയിക്കുന്ന മാവേലി എഫ്.എം. 2011 ഓണത്തിന് അമേരിക്കയിലെത്തുന്നു. ന്യൂയോർക്കിലെ സരിഗമ എന്റർടെയ്ൻമെന്റാണ് റഹ്മാനെയും സംഘത്തേയും കൊണ്ടുവരുന്നത്. വിനീത് ശ്രീനിവാസൻ, ജ്യോതിർമയി, രമ്യാ നമ്പീശൻ, ധന്യാ മേരി വർഗീസ് തുടങ്ങിയ യുവതാരനിരക്കൊപ്പം മഞ്ജുപിള്ളയും അണിനിരക്കും. റഹ്മാൻ, വിനീത്, രമ്യാനമ്പീശൻ, ധന്യ, മഞ്ജു എന്നിവർക്കിത് ആദ്യ അമേരിക്കൻ പര്യടനമാണ്. കഴിഞ്ഞ ഡിസംബറിൽ അതിഥിയായി അമേരിക്കയിൽ എത്തിയ വിനീത് ശ്രീനിവാസൻ മലയാളം പത്രത്തിന് നൽകിയ അഭിമുഖത്തിൽ ഈ പരിപാടിയെക്കുറിച്ച് പറഞ്ഞിരുന്നു.

സയനോറ ഫിലിപ്പും സച്ചിൻ വാര്യരും സംഗീത സംവിധായകൻ ഷാൻ റഹ്മാനും അടങ്ങുന്ന ഗായകനിരയും കലാഭവൻ ജിന്റോ, പ്രതിജ്ഞൻ, ജയപ്രകാശ് കുടപ്പനക്കുന്ന്, പ്രദീപ് ലാൽ എന്നിവരുടെ കോമഡിടീമും ചേരുന്ന സംഘത്തിലെ നർത്തകനും കൊറിയോഗ്രാഫറും കൈരളി ചാനലിലൂടെ പ്രശസ്തനായ നടൻ ജോണാണ്.

2009 ൽ അമേരിക്കയെ ത്രസിപ്പിച്ച ശ്രീനിയാൻ 20ട്വന്റിയുടെ സംവിധായകനായിരുന്ന ഫിലിം ഡയറക്ടർ ജി.എസ്. വിജയൻ സംവിധാനം ചെയ്യുന്ന മാവേലി എഫ്.എമ്മിന്റെ സൗണ്ട് എൻജിനിയർ സമ്മി സാമുവലാണ്.

ഓഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 25 വരെ അമേരിക്കയിലും കാനഡയിലുമായി 16 സ്റ്റേജ് ഷോ പരിപാടികൾ നടക്കുമെന്ന് സരിഗമയുടെ പ്രസിഡന്റ് തോമസ് ഉമ്മൻ (ഷിബു), ഡയറക്ടർമാരായ സിജി ജേക്കബ്, ബോബി ജോഷ എന്നിവരും പരിപാടിയുടെ ഇവന്റ് മാനേജ്മെന്റ് കൺസൾട്ടൻസായ കേരൾ ടുഡേ ഡോട്ട് കോം മാനേജിംഗ് എഡിറ്റർ ലാലുജോസഫും അറിയിച്ചു. മീരാ ജാസ്മിനും സുരാജ് വെഞ്ഞാറമൂടും അണിനിരന്ന താരസമന്വയത്തിന് ശേഷം കേരൾ ടുഡേ ഡോട്ട് കോം അമേരിക്കയിൽ ഇവന്റ് മാനേജ് ചെയ്യുന്ന ഈ വർഷത്തെ രണ്ടാമത്തെ പരിപാടിയാണ് മാവേലി എഫ്.എം. 2011.

# പ്രവാസികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്: ഉമ്മൻചാണ്ടി

തിരുവനന്തപുരം: പ്രവാസിമലയാളികൾക്കും കേന്ദ്രസർക്കാരിന്റെ ഏകീകൃത തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. പോസ്റ്റ് ഓഫീസുകൾ വഴിയുള്ള ഏകീകൃത തിരിച്ചറിയൽ കാർഡ് വിതരണ പദ്ധതി 'അഡാറി'ന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് വിതരണം ഒരു വർഷത്തിനകം പൂർത്തിയാക്കും. കെൽട്രോൺ, ഐ.ടി അറ്റ് സ്കൂൾ, അക്ഷയ എന്നീ ഏജൻസികളെയാണ് ഇതിന്റെ ചുമതല ഏല്പിച്ചിട്ടുള്ളത് - മുഖ്യമന്ത്രി അറിയിച്ചു.

ഏകീകൃത തിരിച്ചറിയൽ രേഖയായ അഡാറിൽ 12 അക്കനമ്പറാണ് ഉണ്ടാവുക. ഓരോ വ്യക്തിയുടെയും വിശദാംശങ്ങളിലേക്കുള്ള കോഡ് ആണ് ഈ നമ്പർ. പേര്, ജനനത്തീയതി, സ്ത്രീയോ പുരുഷനോ, രക്ഷിതാവിന്റെ പേര്, വിലാസം എന്നിവ മാത്രമാണ് രേഖയിലുണ്ടാവുക.

വിരലടയാളവും കണ്ണിന്റെ കൃഷ്ണമണിയും രേഖയിൽ പതിക്കും. രജിസ്ട്രേഷൻ വേളയിൽ ഇവ രേഖപ്പെടുത്താൻ സൗകര്യമുണ്ടാവും. വോട്ടർ തിരിച്ചറിയൽ കാർഡുമായി ചെന്നാൽ ഏകീകൃത തിരിച്ചറിയൽ രേഖയ്ക്കായി രജിസ്റ്റർ ചെയ്യാനും കഴിയും.

# ചിന്ത രവി അന്തരിച്ചു

തൃശൂർ: ഇടതുപക്ഷ ചിന്തകനും സഞ്ചാരസാഹിത്യകാരനും ചലച്ചിത്രകാരനുമായ ചിന്ത രവി എന്ന കെ. രവീന്ദ്രൻ (66) അന്തരിച്ചു. ശ്വാസകോശ അർബുദത്തെ തുടർന്ന് ദീർഘനാളായി ചികിത്സയിലായിരുന്നു.



കോയമ്പത്തൂരിൽ അധ്യാപികയും സാഹിത്യകാരിയുമായ എൻ. ചന്ദ്രികയാണ് ഭാര്യ. സാമൂഹ്യ പരിഷ്കർത്താവ് ദേവകി നിലയങ്ങോടിന്റെ മകളാണ് ഇവർ. മകൻ തഥാഗതൻ (ആന്ത്രപോളജി റിസർച്ച് സ്കോളർ, ടെക്സസ് വാഴ്സിറ്റി അമേരിക്ക). എട്ടുവർഷമായി തൃശൂരിൽ മുളങ്കുന്നത്തുകാവ് തിരൂരിനടുത്ത് പോട്ടോർ 'കപിലവസ്തു'വിലാണ് താമസം. പത്രപ്രവർത്തകൻ കൂടിയായിരുന്ന ഇദ്ദേഹം, ചിന്ത, കലാകൗമുദി വാരികകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

കോഴിക്കോട് കണ്ണാടിക്കലിൽ കുന്നുമ്മൽ കൃഷ്ണന്റെയും ലക്ഷ്മിയുടെയും നാലാമത്തെ മകനായി 1946 ലാണ് ജനനം. പിതാവ് കൃഷ്ണൻ കോഴിക്കോട് ജില്ലയിലെ പ്രശസ്ത ആയുർവേദ വൈദ്യനായിരുന്നു.

'ചിന്ത' പത്രാധിപസമിതി അംഗമായതോടെയാണ് 'ചിന്ത രവി' എന്ന പേര് ലഭിച്ചത്. ഇടതുപക്ഷ സഹയാത്രികനായിരുന്ന അദ്ദേഹം തന്റെ സഞ്ചാരവിവരണങ്ങളിലും സിനിമയിലും എഴുത്തിലുമൊക്കെ ഇടതുചായ്വ് പ്രകടമാക്കി. 1976ൽ പി.എ ബക്കറിന്റെ 'കബനീനദി ചുവന്നപ്പോൾ' എന്ന സിനിമയിൽ ചെറിയ വേഷത്തിൽ അഭിനയിച്ചു. ഹരിജൻ (തെലുങ്ക്), ഇനിയും മരിച്ചിട്ടില്ലാത്ത നമ്മൾ (1980), ഒരേ തൂവൽപക്ഷികൾ (1988) എന്നീ കഥാചിത്രങ്ങളും നിരവധി ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും സംവിധാനം ചെയ്തു. ഒരേ തൂവൽപക്ഷികൾക്ക് മികച്ച ചിത്രത്തിനുള്ള സംസ്ഥാന അവാർഡും ലഭിച്ചു. ഈ സിനിമയുടെ തിരക്കഥയും രവീന്ദ്രന്റേതാണ്.

ഏഷ്യാനെറ്റിൽ 'എന്റെ കേരളം' എന്ന ദീർഘമായ യാത്രാവിവരണ പരമ്പര നിർമിച്ചവതരിപ്പിച്ചു. ജി. അരവിന്ദന്റെ ജീവിതത്തെ പരാമർശിച്ച് രചിച്ച 'മൗനം സൗമനസ്യം' എന്ന ലഘുചിത്രത്തിന് രാഷ്ട്രപതിയുടെ പുരസ്കാരം ലഭിച്ചു.

# മുരളി ദേവ്റ രാജിവെച്ചു



ന്യൂഡൽഹി: കേന്ദ്രമന്ത്രിസഭയിൽ നിന്ന് കമ്പനികാര്യ മന്ത്രി മുരളി ദേവ്റ രാജിവെച്ചു. പെട്രോളിയം മന്ത്രിയായിരിക്കെ റിലയൻസിനെ വഴിവിട്ടു സഹായിച്ചെന്ന സി.എ.ജി റിപ്പോർട്ടിലെ പരാമർശത്തിനു പിന്നാലെയാണ് രാജി. ഇതേസമയം ആരോഗ്യകാരണങ്ങളാലാണ് രാജിയെന്നാണ് മുരളി ദേവ്റയുടെ ഔദ്യോഗിക വിശദീകരണം.

# അവയവം ദാനം നൽകാൻ ബാലിക ആത്മഹത്യ ചെയ്തു

കൊൽക്കത്ത: കാഴ്ച നഷ്ടപ്പെട്ട പിതാവിന് കണ്ണും വൃക്കരോഗിയായ സഹോദരന് വൃക്കയും ദാനം നൽകുന്നതിനായി ആറാം ക്ലാസുകാരി ആത്മഹത്യ ചെയ്തു. മാമ്പിയെന്ന പന്ത്രണ്ടുകാരിയാണ് കൂലിവേലക്കാരനായ അഛനെയും നിത്യരോഗിയായ സഹോദരനെയും സഹായിക്കാൻ കീടനാശിനി കഴിച്ച് ആത്മഹത്യ ചെയ്തത്. ആത്മഹത്യാകുറുപ്പിൽ, തന്റെ കണ്ണ് അഛനും വൃക്ക സഹോദരനും നൽകണമെന്നാണ് കുറിച്ചുവെച്ചിരിക്കുന്നത്.




മെർലിൻ അവാർഡ് ഗോപിനാഥ് മുതുകാടിനു സമ്മാനിക്കുന്നു

# മെർലിൻ അവാർഡിന്റെ തിളക്കവുമായി മുതുകാട് അമേരിക്കയിലേക്ക്

ന്യൂഡൽഹി: മാജിക്കിന്റെ ഓസ്കാറായ മെർലിൻ അവാർഡ്, മാന്ത്രികൻ ഗോപിനാഥ് മുതുകാടിനു സമ്മാനിച്ചു. ജൂൺ 23 ന് ഡൽഹിയിലെ വിജ്ഞാൻഭവനിൽ നടന്ന ചടങ്ങിൽ മാന്ത്രികരുടെ അന്താരാഷ്ട്ര സംഘടനാ പ്രസിഡന്റ്, മുതുകാടിന് അവാർഡ് നൽകി. പി.സി. സർക്കാരിനു (ജൂനിയർ) ശേഷം മെർലിൻ ലഭിക്കുന്ന ഇന്ത്യാക്കാരനാണ് ഗോപിനാഥ് മുതുകാട്. സമ്മാനദാന ചടങ്ങിനു ശേഷം നടന്ന മാന്ത്രികപ്രകടനത്തിൽ മുതുകാട്, പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെയടക്കം വിസ്മയത്തിന്റെ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി.

ത്രിവർണപതാകയുടെ നിറമുള്ള മൂന്ന് ചെറിയ കയറിൻകഷണങ്ങൾ ഞൊടിയിടയിൽ ഒരു കുടുക്കുപോലുമില്ലാതെ കോർത്തിണക്കിയ മുതുകാട് ദേശീയ ഐക്യത്തിന്റെയും അഖണ്ഡതയുടെയും സന്ദേശമാണ് കാഴ്ചക്കാർക്കു നൽകിയത്. തീവ്രവാദത്തിനും ലഹരിപദാർത്ഥ ഉപയോഗത്തിനെതിരെയുമുള്ള സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കാനായി ഒന്നിലധികം തവണ ഇന്ത്യയൊട്ടാകെ മാന്ത്രിക പ്രകടനപരമ്പരകൾ നടത്തിയിട്ടുണ്ട് മുതുകാട്.

2001 ൽ ഒന്നിലേറെ തവണ വിസ നിഷേധിക്കപ്പെട്ടതിനെ തുടർന്ന് മുതുകാടിന്റെ മാന്ത്രികപ്രകടനം കാണാനൊക്കാതിരുന്ന അമേരിക്കൻ മലയാളി സമൂഹത്തിന് ഈ ഓണക്കാലം മാന്ത്രികന്റെ വിസ്മയ കാഴ്ചകളാൽ സമൃദ്ധമായിരിക്കും. മുതുകാടടക്കം അദ്ദേഹത്തിന്റെ സംഘത്തിലെ 10 കലാകാരന്മാർക്ക് അമേരിക്കൻ വിസ ലഭിച്ചു. ന്യൂയോർക്ക് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന തരംഗം ആർട്സ് സംഘടിപ്പിക്കുന്ന മുതുകാട് ഷോയുടെ പേര് വിസ്മയം 2011 എന്നാണ്. മായാജാല പ്രകടനങ്ങൾക്കൊപ്പം പാട്ടും, ഡാൻസും കോമഡി സ്കിറ്റുമായി മൂന്ന് മണിക്കൂർ നീളുന്ന പരിപാടിയാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് ഗോപിനാഥ് മുതുകാട്, തരംഗം ആർട്സ് പ്രസിഡന്റ് രാജേഷ് പുഷ്പരാജൻ, വൈസ് പ്രസിഡന്റ് ജോഷാ മാത്യു എന്നിവർ പറഞ്ഞു.

മുതുകാടിനു പുറമെ പിന്നണിഗായകരായ ജ്യോത്സന, രമേഷ്ബാബു, സിനിമാതാരം ശ്രുതിലക്ഷ്മി, കോമഡി താരങ്ങളായ അയ്യപ്പ ബൈജു (പ്രശാന്ത് പുന്നപ്ര) മനോജ് ഗിന്നസ് എന്നിവരും അണിനിരക്കുന്ന മാജിക്കൽ മെലോഡ്രാമ അമേരിക്കയിലും കാനഡയിലുമായി 12 സ്റ്റേജുകളിൽ അരങ്ങേറും. ഓഗസ്റ്റ് 26 ന് ആദ്യപരിപാടിയും സെപ്റ്റംബർ 18 ന് ഹൂസ്റ്റണിൽ അവസാനപരിപാടിയും നടക്കും. ഓഗസ്റ്റ് 22 ന് ന്യൂയോർക്കിലെത്തുന്ന സംഘം സെപ്റ്റംബർ 19 ന് മടങ്ങും.